(ബി) ജില്ലാ പഞ്ചായത്ത് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് സൗകര്യപ്രദമായ മറ്റ് സർക്കാർ സ്ഥലം ലഭ്യമല്ലായിരുന്നു. ജില്ലാ പഞ്ചായത്തിനു കൈമാറ്റം ചെയ്തുകൊടുത്ത പ്രധാനപ്പെട്ട ഓഫീസുകൾ സിവിൽ സ്റ്റേഷനിൽ ആണ് പ്രവർത്തിക്കുന്നത് കൂടാതെ ജില്ലാ പ്ലാനിംഗ് കമ്മിറ്റി സെക്രട്ടറി കൂടി ആയ ജില്ലാ കളക്ടർക്കും ജില്ലാ പഞ്ചായത്തുമായി നിരന്തര സമ്പർക്കം ആവശ്യമാണ്. ഈ സാഹചര്യത്തിൽ ആണ് ജില്ലാ പഞ്ചായത്ത് ആസ്ഥാനം കളക്ടറേറ്റ് വളപ്പിൽ നിർമ്മിക്കാൻ തീരുമാനിച്ചത്.

(സി) കെട്ടിട നിർമ്മാണത്തിന് കോട്ടയം മുനിസിപ്പാലിറ്റിയുടെ അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ട്. കോട്ടയം ഡവലപ്മെന്റ് അതോറിറ്റി ഇപ്പോൾ നിലവിലില്ല. പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്ട് പ്ലാൻ അംഗീകരിച്ചിരിക്കുന്നതിനാൽ ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റിന്റെ അനുമതി ആവശ്യമില്ല.

(ഡി) പ്രധാനപ്പെട്ട ജില്ലാ ആഫീസുകൾ എല്ലാം കോട്ടയം മുനിസിപ്പൽ അതിർത്തിയിൽ സ്ഥിതിചെയ്യുന്നതിനാൽ ഇത്തരത്തിൽ ഒരു നടപടി ആവശ്യമില്ല.

138 (719) ചെങ്ങന്നൂർ നഗരസഭയിൽ ഐ.ഡി.എസ്.എം.ടി. പ്രവൃത്തികൾ

<u>ശ്രീമതി ശോഭനാ ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നഗരസഭയിൽ ഐ.ഡി.എസ്.എം.ടി. സ്കീമിൽ നടക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഐ.ഡി.എസ്.എം.ടി. സ്കീമിൽ എത്ര തുകയാണ് ചെങ്ങന്നൂർ നഗരസഭയ്ക്ക് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) സ്കീം നടപ്പിലാക്കുന്നതിനുള്ള ബാക്കി തുക എങ്ങനെയാണ് നഗരസഭ കണ്ടെത്തുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പുതിയ മാർക്കറ്റ് ബിൽഡിംഗ്, മാർക്കറ്റ് ഏരിയായിൽ ഷോപ്പിംഗ് കോംപ്ലക്സ് ഇവയാണ് ഐ.ഡി.എസ്.എം.ടി. സ്കീമിൽ നടക്കുന്ന പ്രവൃത്തികൾ.

(ബി) ഐ.ഡി.എസ്.എം.ടി. സ്കീം പ്രകാരം 1998-99 വരെ മൊത്തം 46.67 ലക്ഷം രൂപ കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതമായി ചെങ്ങന്നൂർ നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്.

(സി) കേന്ദ്ര സംസ്ഥാന വിഹിതത്തിന് പുറമേ ബാങ്കു തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് നഗരസഭയ്ക്ക് ബാക്കി തുക കണ്ടെത്താവുന്നതാണ്.

139 (720) പഞ്ചായത്തിലെ ക്രമക്കേടുകൾ

<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം പഞ്ചായത്തിലെ വിവിധ ക്രമക്കേടുകളെപ്പറ്റി വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

തനുസരിച്ച് എന്നാണ് അന്വേഷണം ആരംഭിച്ചത്; അന്വേഷണം പൂർത്തിയാക്കിയോ;

(ബി) വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടാൽ സാധാരണ എത്ര മാസംകൊണ്ട് അന്വേഷണം പൂർത്തിയാക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്;

(സി) പഞ്ചായത്തിലെ ക്രമക്കേടുകളെപ്പറ്റി അന്വേഷിക്കുന്നതിന് എത്ര തവണ കാലാവധി നീട്ടിക്കൊടുത്തു; ഇതിന്റെ കാരണം വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) അന്വേഷണം പൂർത്തിയായിട്ടില്ലെങ്കിൽ സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം പഞ്ചായത്തിലെ വിവിധ ക്രമക്കേടുകളെപ്പറ്റി 28.1.99-ൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. അന്വേഷണ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ വിജിലൻസ് ഡയറക്ടറിൽനിന്നും ശേഖരിച്ചുവരുന്നു.

(ബി) മൂന്ന്മാസം കൊണ്ട്.

(സി)-(ഡി) വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

140 (721) ജനകീയാസൂത്രണ പദ്ധതി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ ത്രിതല പഞ്ചായത്തുകൾ മുഖേന നടത്തിയ ജനകീയാസൂത്രണ പദ്ധതിയിൽ അഴിമതി നടന്നതായുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇതിൽ ഏതെല്ലാം പഞ്ചായത്തുകളിലെ എന്തെല്ലാം കാര്യങ്ങളെപ്പറ്റിയാണ് വകുപ്പുതല അന്വേഷണം നടത്തിയതെന്നും അതിൽ വകുപ്പിന്റെ ശുപാർശ എന്താണെന്നും വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം പഞ്ചായത്തുകളിലെ ക്രമക്കേടുകളാണ് വിജിലൻസ് അന്വേഷിക്കുന്നത്;

(സി) വിജിലൻസിന്റെ ശുപാർശ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻ പ്രകാരം എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിലെ അഴിമതിയെ സംബന്ധിച്ച രണ്ട് പരാതികൾ ലഭിക്കുകയും അതിലെ ഒരു പരാതിയിൻമേൽ അന്വേഷണം നടത്തുകയും ചെയ്തു. രണ്ടാമത്തെ പരാതിയിൻമേൽ വിശദമായ അന്വേഷണം നടക്കുന്നു. ജില്ലാ, ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) ബ്ലോക്കു പഞ്ചായത്തുകളെ സംബന്ധിച്ച വിജിലൻസ് അന്വേഷണം ഒന്നും നടക്കുന്നതായി അറിവില്ല. ജില്ലാ പഞ്ചായത്തിലെയും ഗ്രാമ പഞ്ചായത്തിലെയും വിവരം ശേഖരിച്ചുവരുന്നു.

(സി) ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly